**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1605** **16-10-2026-ൽ മറുപടിയ്ക്ക്**

**ചൊക്ലി ഗ്രാമപഞ്ചായത്തിൽ സ്റ്റേഡിയം നിർമ്മാണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കാരായി രാജൻ

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** 2024-25 വർഷത്തെ ബജറ്റിൽ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (മരാമത്ത് പണികളുടെ വിശദവിവരങ്ങൾ) വാല്യം II-ൽ (ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ) ക്രമനമ്പർ 2723 ആയി കായിക വകുപ്പിന്റെ കീഴിൽ തലശ്ശേരി നിയോജകമണ്ഡലത്തിലെ ചൊക്ലി ഗ്രാമപഞ്ചായത്തിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് രണ്ട് കോടി രൂപ അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് 2024 ജൂൺ മാസം സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ ചൊക്ലി ഗ്രാമപഞ്ചായത്ത് അധികൃതരുമായി പ്രസ്തുത സ്ഥലം സന്ദർശിച്ചിരുന്നു. എന്നാൽ പഞ്ചായത്തിൽ നിന്നും 5s/7s ഫുട്ബോൾ കോർട്ട്ആണ് നിർമ്മിക്കുവാൻ നിർദേശിച്ചിരുന്നത്. എന്നാൽ പ്രസ്തുത സ്ഥലം കുന്നിൻ ചെരുവ് ആയതിനാലും ടി സ്ഥലത്ത് 5s/7s ഫുട്ബോൾ കോർട്ട് നിർമ്മിക്കുവാനുള്ള വീതി ഇല്ലാത്തതിനാലും പ്രവൃത്തി നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. ടി വിവരം പഞ്ചായത്ത് അധികൃതരെ അറിയിച്ചപ്പോൾ ഗ്രൗണ്ടിനോട് ചേർന്നുള്ള പ്രൈവറ്റ് സ്ഥലം ഏറ്റെടുത്ത് നൽകാമെന്ന് വാക്കാൽ അറിയിച്ചിരുന്നു. എന്നാൽ പഞ്ചായത്ത് മുഖേനെ സ്ഥലം ഏറ്റെടുത്ത് നൽകിയിട്ടില്ല.

14.08.2026 തീയതിയിലെ ചൊക്ലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത് പ്രകാരം പ്രസ്തുത സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിയുടെ തുടർ നടപടികൾ സ്വീകരിക്കുവാൻ അഭ്യർത്ഥിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ ചൊക്ലി ഗ്രാമപഞ്ചായത്ത് അധികൃതരുമായി ചർച്ച നടത്തുകയും ഫുട്ബോൾ ഗ്രൗണ്ടിനുള്ള സ്ഥലം ഏറ്റെടുത്ത് നൽകുവാൻ പഞ്ചായത്തിന് സാധിക്കാത്ത സാഹചര്യത്തിൽ ടി സ്ഥലത്ത് വോളീബോൾ കോർട്ട്, ഓപ്പൺ സ്റ്റേജ്, റീട്ടൈനിംഗ് വാൾ, ടോയ്‌ലറ്റ് കം ചെയ്ഞ്ച് റൂം എന്നിവ നിർമ്മിക്കുവാൻ പ്രസ്തുത ചർച്ചയിൽ നിർദേശം ഉയർന്നു വന്നിരുന്നു.

**(ബി)** പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** മേൽപ്പറഞ്ഞ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് കായിക വകുപ്പ് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്നും ഇനി പൂർത്തിയാക്കാനുള്ള നടപടിക്രമങ്ങൾ ഏതെല്ലാമാണെന്നും

വ്യക്തമാക്കാമോ?

<u>**മറുപടി:**</u> മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**